കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

1289. [1756] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്ത്?

ഉത്തരം

കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിന്റെ മാനദണ്ഡം താഴെ കൊടുക്കുന്നു:

1. കർഷകത്തൊഴിലാളി പെൻഷന് അപേക്ഷിക്കുന്ന കർഷക തൊഴിലാളിക്ക് അപേക്ഷ തീയതിയിൽ 60 വയസ് പൂർത്തിയായിരിക്കണം. വാർദ്ധക്യംമൂലമോ ശാരീരിക ദുർബലൃംമൂലമോ കർഷകത്തൊഴിലാളിയായി ജോലി ചെയ്യാൻ കഴിയാത്ത കർഷകത്തൊഴിലാളികൾക്കും ഈ പദ്ധതി പ്രകാരം മറ്റെല്ലാവ്യവസ്ഥയിലും അവർ യോഗ്യരാണെങ്കിൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

2. ഈ പദ്ധതിപ്രകാരം "കർഷകത്തൊഴിലാളി" എന്നാൽ 10 വർഷത്തിൽ കുറയാത്ത കാലയളവിൽ ഭൂവുടമയുടെ/ഭൂവുടമകളുടെ കൃഷി ഭൂമിയിലോ, ഒരു ഭൂവുടമ നൽകുന്ന കൂലിക്കുവേണ്ടി ചെയ്യുന്നതും അവന്റെ/അവളുടെ ഉപജീവന മാർഗ്ഗം പ്രധാനമായും അങ്ങനെ ലഭിക്കുന്ന കൂലിയെ ആശ്രയിച്ചിരിക്കുന്നതും ആയ ആം എന്നും അർത്ഥമാകുന്നു. കൂടാതെ പെൻഷന് അപേക്ഷിക്കുന്ന കർഷകത്തൊഴിലാളി അപേക്ഷ തീയതിക്ക് തൊട്ടു മുമ്പ് 10 വർഷക്കാലമെങ്കിലും തുടർച്ചയായി കേരള സംസ്ഥാനത്ത് താമസിച്ചിരിക്കണം, (1951-ലെ തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിലുള്ള തോട്ടം തൊഴിലാളികൾക്ക് ഈ പദ്ധതി ബാധകമല്ല.)

3. അപേക്ഷകന്റെ വാർഷിക വരുമാനം 1500 രൂപയിൽ കവിയരുത്. അങ്ങനെയുള്ള വരുമാനം കണക്കാക്കുന്നതിന് ഭർത്താവ്/ഭാര്യ/അവിവാഹിതരായ പ്രായപൂർത്തിയായ ആൺമക്കൾ/പെൺമക്കൾ ഉണ്ടെങ്കിൽ അവരുടെയുള്ള അപേക്ഷകന്റെ വരുമാനം കൂടി കണക്കിലെടുക്കും.

4. അപേക്ഷകൻ വൃദ്ധൻമാർക്കും രോഗാതുരർക്കും അവശർക്കും സംരക്ഷണം നൽകുന്നതിനുവേണ്ടി നടത്തുന്ന സ്ഥാപനത്തിന്റെ സംരക്ഷണയിൽ കഴിയുന്ന ആളാകരുത്.

5. അപേക്ഷകൻ കേന്ദ്ര സർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റേയോ അഥവാ ഒരു തദ്ദേശാധികാര സ്ഥാപനത്തിന്റേയോ അഥവാ തദ്ദേശാധികാര സ്ഥാപനം നടത്തുന്ന ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ ധനസഹായം ലഭിക്കുന്ന ആളായിരിക്കരുത്.

6. പെൻഷൻ വാങ്ങുന്ന ആളിന്റെ വാർഷിക വരുമാനം പെൻഷൻ അനുവദിച്ച ശേഷം ഏതെങ്കിലും സമയത്ത് 1500 രൂപയിൽ കവിയുകയാണെങ്കിൽ അയാം പെൻഷന് അർഹനല്ലാതായിത്തീരുന്നതാണ്.

1984-85-ൽ ജില്ലകൾതോറും കർഷകത്തൊഴിലാളിപെൻഷന് ചെലവായ തുക

1290. [1757] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1984-85 സാമ്പത്തിക വർഷത്തിൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകിയ വകയിൽചെലവായ തുകയുടെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly